# പുനർലേലപരസ്യം

ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണർ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിലെ 1199 എം.ഇ. മണ്ഡലമഹോത്സവത്തോടനുബന്ധിച്ച് 2023 നവംബർ 17 മുതൽ 2024 ജനുവരി 20 കൂടി ചോറ്റാനിക്കര ക്ഷേത്രത്തിൻെറ വടക്കുവശത്തുള്ള പൂരപ്പറമ്പിലും, തെക്കുവശത്തുള്ള ഗ്രൗണ്ടുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ദർശനത്തിനു വരുന്ന ഭക്തന്മാരിൽ നിന്നും പാർക്കിംഗ് ഫീ പിരിയ്ക്കുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞ കാലയളവിലേക്കു മാത്രം ലേലം/ ടെണ്ടർ ചെയ്ത് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ടി ലേലം ....November.... മാസം ....1.... ാം തിയ്യതി ....2 PM.... മണിയ്ക്ക് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്നതാണ്. മേൽസ്ഥലങ്ങൾ പാർക്കിംഗ് ഫീ പിരിയ്ക്കുവാൻ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ഏറ്റെടുക്കുവാൻ തയ്യാറുള്ളവർ സംഖ്യയും, പൂർണ്ണ മേൽവിലാസവും രേഖപ്പെടുത്തിയ ടെണ്ടർ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണർ എന്ന പേരിൽ ....1:11:23....ന് ....1:30 PM.... മണി വരെ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണർ ഓഫീസിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ വഴിയോ ഹാജരാക്കേണ്ടതാണ്. ടെണ്ടറിനൊപ്പം 25000/- ക നിരതദ്രവ്യമായി ചോറ്റാനിക്കര ബാങ്ക് ഓഫ് ബറോഡയിൽ മാറാവുന്ന ഡി.ഡി. അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിയ്ക്കുന്നതായിരിക്കും. ടെണ്ടർ സമർപ്പിച്ചവരും, ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവരും സ്ഥലത്തും സമയത്തും ഹാജരാകേണ്ടതാണ്. ലേലത്തിനു മുൻപായി 25000/- ക അഡ്വാൻസായി കെട്ടിവയ്ക്കേണ്ടതാണ്. ടി ഗ്രൗണ്ടുകൾ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിൽ 3 വാക്ക് വിളിച്ചുനിർത്തി, ലേലത്തിനുശേഷം, ഹാജരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ ലഭിച്ച ടെണ്ടറുകൾ തുറയ്ക്കുന്നതായിരിക്കും. ലേലത്തുകയോ, ടെണ്ടർ തുകയോ ഏതാണ് കൂടുതൽ സംഖ്യ എന്ന് നോക്കി, കൂടുതൽ തുകയ്ക്ക് ലേലം/ ടെണ്ടർ ഉറപ്പിയ്ക്കുന്നതായിരിക്കും. ലേലം/ ടെണ്ടർ ഉറപ്പിയ്ക്കുന്ന ആൾ ലേലത്തുകയുടെ 50% സംഖ്യയും ആയതിൻെറ 18% ജി.എസ്. ടി.യും അപ്പോൾത്തന്നെ സത്രം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യയും ജി.എസ്. ടി.യും ഡിസംബർ 31-ാം തിയ്യതിയ്ക്കകം അടച്ച് രശീതി വാങ്ങിയിരിക്കേണ്ടതാണ്. കൂടാതെ ലേലത്തുകയുടെ ബാക്കിയുള്ള സംഖ്യയ്ക്ക് ബാങ്ക് ഗ്യാരണ്ടി കൂടി സമർപ്പിയ്ക്കേണ്ടതാണ്. ലേലം/ ടെണ്ടർ ഉറപ്പിയ്ക്കുന്ന വ്യക്തി തൻെറ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ദേവസ്വം മരാമത്ത്

വിഭാഗത്തിൻെറ നിർദ്ദേശപ്രകാരവും വടക്കേ പൂരപ്പറമ്പിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കേണ്ടതും ഗ്രൗണ്ട് ലെവൽ ചെയ്ത് വാഹനപാർക്കിംഗിന് അനുയോജ്യമാക്കേണ്ടതുമാണ്. ലേലം/ടെണ്ടർ കാലയളവിൽ ഗ്രൗണ്ടിൽ വേണ്ടതായ അത്യാവശ്യം അറ്റകുറ്റപ്പണികളും കരാറുകാരൻ നടത്തേണ്ടതാണ്. ലേലസ്ഥലത്ത് ക്ഷേത്രാചാരമര്യാദകൾക്ക് വിരുദ്ധമായി യാതൊരുവിധ പ്രവർത്തനങ്ങളും ചെയ്യാൻ പാടുള്ളതല്ല. യാതൊരുവിധ ആക്ഷേപങ്ങൾക്കും ഇടവരാതെ പിരിവ് നടത്തേണ്ടതാണ്. മേൽപ്പറഞ്ഞ വസ്തുതകൾക്ക് വിരുദ്ധമായി, ലേലം കൊണ്ടയാൾ പ്രവർത്തിച്ച് ദേവസ്വത്തിന് എന്തെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ വരുത്തിയാൽ, ലേലസംഖ്യ പിഴയായി പിടിച്ചും, നിരതദ്രവ്യം മുതൽക്കൂട്ടിയും ടിയാനെ ലേലത്തിൽ നിന്ന് തത്സമയം നോട്ടീസില്ലാതെ ഒഴിവാക്കുന്നതായിരിക്കും.

| | |
|---|---|
| Bus | : 50/- |
| Traveller | : 30/- |
| Car/Jeep | : 10/- |

മേൽക്കാണിച്ച നിരക്കുകൾ മാത്രമേ വാഹനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളൂ. നിരക്കുകൾ കാണിയ്ക്കുന്ന നിശ്ചിത അളവിലുള്ള ബോർഡുകൾ, ദേവസ്വം നിർദ്ദേശിയ്ക്കുന്ന സ്ഥലങ്ങളിൽ ഇംഗ്ലീഷിലും, മലയാളത്തിലും പ്രദർശിപ്പിയ്ക്കേണ്ടതാണ്. സ്ഥലലേലവുമായി ബന്ധപ്പെട്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കോ, പഞ്ചായത്തിലോ ഏതെങ്കിലും വിധത്തിൽ സംഖ്യ അടയ്ക്കേണ്ടതായി വന്നാൽ, ലേലം കൊണ്ടയാൾ ആയത് അടയ്ക്കാൻ ബാദ്ധ്യസ്ഥനായിരിക്കും. ലേലം മാറ്റി വയ്ക്കുന്നതിനോ, വേണ്ടെന്നു വയ്ക്കുന്നതിനോ, യുക്തമായ മറ്റ് തീരുമാനങ്ങളെടുക്കുന്നതിനോ താഴെ ഒപ്പിട്ടിരിയ്ക്കുന്ന ആൾക്ക് പൂർണ്ണ അധികാരമുണ്ടായിരിയ്ക്കുന്നതാണ്. ടി ലേലത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെങ്കിൽ ചോറ്റാനിക്കര ദേവസ്വം ഓഫീസിലോ സത്രം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

20.10.23

അസിസ്റ്റൻറ് കമ്മീഷണർ

ചോറ്റാനിക്കര